# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02-07-2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ലോക് സഭയിൽ മറുപടി പറയും.

**PM Narendra Modi will reply to the Motion of Thanks to the President's Address in the Lok Sabha today.**

2). പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടെ എഫ്ഐആർ മുതൽ സുപ്രീം കോടതിയുടെ അന്തിമ തീർപ്പ് വരെയുള്ള നീതിനിർവ്വഹണം 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

**Union Home Minister Amit Shah said that the implementation of the new criminal laws will end the endless wait for justice and justice up to Supreme Court can be done in 3 years from filing of FIR.**

3). പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ഇന്നും തുടരും.

**In the Kerala Assembly, the debate on the budget provisions will continue today.**

4). നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളും നിർദേശങ്ങളും സംബന്ധിച്ച് പൊതുജനാഭിപ്രായം തേടി കേന്ദ്ര സർക്കാർ.

**The Government has sought suggestions and response from students and parents to develop robust mechanisms in the National Testing Agency-NTA.**

5). **കേരളത്തിൽ ഇന്നും പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

**The Meteorological Department forecast widespread rain in Kerala today. Yellow alert in six districts.**

6). **ഇന്ത്യ-സിംബാബ്‌വെ ട്വൻറി - 20 ക്രിക്കറ്റ് പരമ്പരയ്ക്ക് ശനിയാഴ്ച ഹരാരെയിൽ തുടക്കമാകും.**

**The India-Zimbabwe Twenty-20 cricket series will begin in Harare on Saturday.**

*************************************************

## PAR-MOTION OF THANKS - (INTRO)

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും ഇന്നും തുടരും. പ്രതിപക്ഷ ആരോപണങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ലോക് സഭയിൽ ഇന്ന് മറുപടി പറയും. ഇന്നലെ ലോക്സഭയിലും രാജ്യസഭയിലും ചർച്ചകൾ നടന്നിരുന്നു. നീറ്റ് വിഷയം ഉയർത്തിയുള്ള രൂക്ഷമായ പ്രതിപക്ഷ പ്രതിഷേധത്തിനും പാർലമെന്റ് ഇന്നലെ വേദിയായി. ട്വൻറി 20 ക്രിക്കറ്റ് കിരീടം നേടിയ ഇന്ത്യൻ ടീമിനെ പാർലമെൻറിൻറെ ഇരു സഭകളും അഭിനന്ദിച്ചു. വിശദാംശങ്ങളിലേക്ക്......

**(VOICE...............)**

ബിജെപി അംഗങ്ങളായ അനുരാഗ് സിങ്ങ് ഠാക്കൂർ, ബാംസുരി സ്വരാജ്, പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ തുടങ്ങിയവർ ഇന്നലെ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തു. 25 കോടി ജനങ്ങളെ സർക്കാർ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റിയതായും 80 കോടി ജനങ്ങൾക്ക് സൗജന്യ ഭക്ഷ്യധാന്യം നൽകിയതായും ശ്രീ അനുരാഗ് സിങ്ങ് ഠാക്കൂർ ചർച്ചയിൽചൂണ്ടിക്കാട്ടി. നീറ്റ് പരീക്ഷാ ക്രമക്കേട്, അഗ്നീവീർ പദ്ധതി, മണിപ്പൂർ കലാപം, വിലക്കയറ്റം, കർഷക പ്രശ്നങ്ങൾ എന്നിവ ഉയർത്തി കേന്ദ്ര സർക്കാരിനെതിരെ രൂക്ഷ

വിമർശനമാണ് ശ്രീ രാഹുൽ ഗാന്ധി സഭയിൽ ഉന്നയിച്ചത്. ഒരു സമുദായവുമായി ബന്ധപ്പെട്ട ശ്രീ രാഹുൽഗാന്ധിയുടെ പരാമർശത്തിനെതിരെ പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും രംഗത്തുവന്നതോടെ സഭ കൂടുതൽ സംഘർഷഭരിതമായി. ഏതെങ്കിലും ഒരു സമുദായത്തെ അക്രമോത്സുകരെന്ന് വിളിക്കുന്നത് ഗൗരവകരമാണെന്ന് ശ്രീ മോദി പറഞ്ഞു. സേവനത്തിനിടെ ജീവൻ നഷ്ടമാകുന്ന അഗ്നിവീറുകൾക്ക് രക്തസാക്ഷി പദവി നൽകുന്നില്ല എന്ന രാഹുൽഗാന്ധിയുടെ ആരോപണം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. 50 ശതമാനം ഉത്പാദന ചെലവ് അടിസ്ഥാനമാക്കി കർഷകർക്ക് കുറഞ്ഞ താങ്ങുവില ലഭ്യമാക്കുന്നതിൽ വീഴ്ച്ചയില്ലെന്ന് കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ സഭയിൽ വ്യക്തമാക്കി. രാജ്യസഭയിലും നീറ്റ് വിഷയവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തിനിടെയാണ് നന്ദിപ്രമേയ ചർച്ചകൾ നടന്നത്. കാഴ്ചപ്പാടും ദിശാബോധവും നഷ്ടപ്പെട്ടതാണ് രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗമെന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ പറഞ്ഞു. പാവപ്പെട്ടവർക്കും പട്ടികജാതി വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കുമായി ഒന്നും തന്നെ പരാമർശിച്ചില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. നീറ്റ്, ട്രെയിൻ അപകടങ്ങൾ, ജമ്മു കശ്മീർ ഭീകരാക്രമണം തുടങ്ങിയ വിഷയങ്ങളിലും അദ്ദേഹം കേന്ദ്രസർക്കാരിനെതിരെ വിമർശനമുയർത്തി.

ന്യൂസ് ഡെസ്ക് ആകാശവാണി...

*************************************************

## NTA SUGGESTION

നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളും നിർദേശങ്ങളും സംബന്ധിച്ച് പൊതുജനാഭിപ്രായം തേടി കേന്ദ്ര സർക്കാർ. ഡോ. കെ രാധാകൃഷ്ണൻറെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയാണ് വിഷയത്തിൽ രക്ഷിതാക്കളോടും വിദ്യാർത്ഥികളോടും അഭിപ്രായം അറിയിക്കാൻ സമൂഹമാധ്യമ പോസ്റ്റിൽ ആവശ്യപ്പെട്ടത്. പരീക്ഷാ നടത്തിപ്പ്, സുരക്ഷ, NTA യുടെ പ്രവർത്തനം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ പൊതുജനങ്ങൾക്ക് ഈ മാസം ഏഴു വരെ അറിയിക്കാം.

**************************************************

## UPSC PRELIMS RESULT

സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ മെയിൻ പരീക്ഷയ്ക്കുള്ള വിശദമായ അപേക്ഷാ ഫോറം സമർപ്പിക്കേണ്ടതാണ്. മാർക്ക്, കട്ട് ഓഫ് മാർക്ക്, ഉത്തരസൂചിക എന്നിവ പരീക്ഷയുടെ മുഴുവൻ നടപടിക്രമങ്ങളും അവസാനിച്ചതിന് ശേഷം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുമെന്ന് UPSC അറിയിച്ചു.

**************************************************

## GLOBAL INDIA AI SUMMIT

Global India AI ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര ഇലക്ട്രോണിക്സ് ഐ ടി മന്ത്രാലയമാണ് രണ്ട് ദിവസത്തെ എ ഐ സമ്മേളനം സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി ജിതിൻ പ്രസാദ തുടങ്ങിയ പ്രമുഖർ സംബന്ധിക്കും. വിവര കൈമാറ്റം, എ ഐ സാങ്കേതിക വിദ്യയിലെ വളർച്ചയിൽ ഇന്ത്യയുടെ പ്രതിബദ്ധത തുടങ്ങിയവയാണ് പ്രധാന ചർച്ചാ വിഷയം.

Application Development, Startup Financing, സുരക്ഷിത എ ഐ തുടങ്ങിയ മേഖലകൾക്ക് ഉച്ചകോടിയിൽ ഊന്നൽ നൽകും.

*********************************************

**NEW CRIMINAL LAWS – (INTRO)**

രാജ്യത്ത് ഇന്നലെ മുതൽ പ്രാബല്യത്തിൽ വന്ന പുതിയ ക്രിമിനൽ നിയമങ്ങൾ ഇര കേന്ദ്രീകൃതവും നീതി അധിഷ്ഠിതവുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. പുതിയ നിയമങ്ങൾ വേഗത്തിലുള്ള വിചാരണയ്ക്കും ചടുലമായ നീതിനിർവ്വഹണത്തിനും മുൻഗണന നൽകുന്നതായി അദ്ദേഹം വ്യക്തമാക്കി.

ഒരു റിപ്പോർട്ട്

**(VOICE.................)**

സ്വാതന്ത്ര്യം ലഭിച്ച് 77 വർഷം പിന്നിടുമ്പോൾ ഇന്ത്യയിലെ ക്രിമിനൽ നീതിന്യായ വ്യവസ്ഥ പൂർണമായും തദ്ദേശീയമായാതായി കേന്ദ്ര ആഭ്യന്തര മന്ത്രി പറഞ്ഞു. എഫ്ഐആർ ഫയൽ ചെയ്ത് 3 വർഷത്തിനുള്ളിൽ സുപ്രീം കോടതി വരെയുള്ള നീതിനിർവ്വഹണം പൂർത്തിയാക്കാനാകുമെന്നും അദ്ദേഹം വ്യക്തമാക്കി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ നേരിടാൻ 35 വകുപ്പുകളും 13 ഉപവകുപ്പുകളുമുള്ള പുതിയ അധ്യായം കൂട്ടിച്ചേർക്കുകയും ആൾക്കൂട്ട കൊലപാതകം നിർവ്വചിച്ച് കടുത്ത ശിക്ഷ ഉറപ്പാക്കുകയും ചെയ്തു. ഇലക്ട്രോണിക് തെളിവുകളുടെ വിശ്വാസ്യത വർധിപ്പിക്കുന്നതിന് ഭാരതീയ സാക്ഷ്യ നിയമത്തിൽ വ്യവസ്ഥകൾ കൂട്ടിച്ചേർത്തു. പുതിയ മൂന്ന് നിയമങ്ങളും ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന എല്ലാ ഭാഷകളിലും ലഭ്യമാകുമെന്നും കോടതി വ്യവഹാരങ്ങൾ അതത് ഭാഷകളിൽ നടക്കുമെന്നും ശ്രീ ഷാ പറഞ്ഞു. പുതിയ നിയമങ്ങൾ ലോക്സഭ 9 മണിക്കൂറും 29 മിനിറ്റും ചർച്ച ചെയ്തു. 34 അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്തി. രാജ്യസഭയിൽ 6 മണിക്കൂറും 17 മിനിറ്റും നടന്ന ചർച്ചയിൽ 40 അംഗങ്ങൾ പങ്കെടുത്തു.

ന്യൂസ് ഡെസ്ക്, ആകാശവാണി....

*********************************************

## NEW CRIMINAL CASE

പുതിയ ക്രിമിനൽ നിയമമായ ഭാരതീയ ന്യായ സംഹിത പ്രകാരം രാജ്യത്തെ ആദ്യ കേസ് രജിസ്റ്റർ ചെയ്തത് മധ്യപ്രദേശിലെ ഹനുമാൻഗഞ്ച് പൊലീസ് സ്റ്റേഷനിൽ. പൊതുസ്ഥലത്ത് അസഭ്യം പറഞ്ഞതിന് 296-ാം വകുപ്പ് പ്രകാരമാണ്

കേസെടുത്തിരിക്കുന്നത്.

*********************************************

## KONDOTTY

പുതുതായി നിലവിൽ വന്ന ഭാരതീയ ന്യായസംഹിത പ്രകാരമുള്ള സംസ്ഥാനത്തെ ആദ്യത്തെ FIR മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. അശ്രദ്ധമായും മനുഷ്യജീവന് അപകടം വരുത്തുന്ന രീതിയിലും ഇരുചക്രവാഹനം ഓടിച്ചതിന് കൊണ്ടോട്ടി പോലീസ് സ്വമേധയയാണ് കേസ് രജിസ്റ്റർ ചെയ്തത്.

*********************************************

## INDONESIA AND NFDC

ഇന്തോനേഷ്യ, NFDC ഫിലിം ഫെസ്റ്റിവൽ മുംബൈയിലെ നാഷണൽ മ്യൂസിയം ഓഫ് ഇന്ത്യൻ സിനിമയിൽ ആരംഭിച്ചു.

ചലച്ചിത്രോത്സവത്തിന്റെ മൂന്നാം പതിപ്പ് ഈ മാസം 6 വരെ തുടരും. ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള സാംസ്കാരിക വിനിമയം ചലച്ചിത്ര മാധ്യമത്തിലൂടെ ആഘോഷിക്കുകയെന്നതാണ് ചലച്ചിത്രോത്സവത്തിന്റെ ലക്ഷ്യം.

*********************************************

## INDIA PAK EXCHANGED LIST

കസ്റ്റഡിയിലുള്ള സിവിലിയൻ തടവുകാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടിക ഇന്ത്യയും പാകിസ്ഥാനും പരസ്പരം കൈമാറി. 366 സിവിലിയൻ തടവുകാരുടെയും 86

മത്സ്യത്തൊഴിലാളികളുടെയും പേരുകൾ ഇന്ത്യ നൽകിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. 43 സിവിലിയൻ തടവുകാരുടെയും 211 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ പാകിസ്ഥാൻ പങ്കിട്ടു. 2008ലെ ഉഭയകക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ വർഷവും ജനുവരി 1, ജൂലൈ 1 തീയതികളിലാണ് ലിസ്റ്റുകൾ കൈമാറുന്നത്.

*********************************************

**ASSEMBLY - (INTRO)**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം തുടരുന്നു. ഇന്ന്, 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും തുടരും. അതേസമയം പോലീസ് വകുപ്പിലെ അമിത ജോലിഭാരവുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്നലെയും നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.
വിശദാംശങ്ങളിലേക്ക്......

**(VOICE.....)**

ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദം നിമിത്തം പോലീസ് ഉദ്യോഗസ്ഥർ ജീവനൊടുക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പി.സി.വിഷ്ണുനാഥാണ് അടിയന്തരപ്രമേയ നോട്ടീസ് നൽകിയത്. എന്നാൽ പോലീസുകാരുടെ മാനസിക സംഘർഷം കുറക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകിയതോടെ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു. പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് മന്ത്രി പി. രാജീവ് നിയമസഭയെ അറിയിച്ചു. പരുത്തി പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന, പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള സ്പിന്നിങ്ങ്

മില്ലുകളുടെ പ്രവർത്തനത്തെ വിലക്കയറ്റം ബാധിച്ചതായി മന്ത്രി വ്യക്തമാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ ധനവിനിയോഗത്തിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷനും 500 ഓളം എടിഎം കൗണ്ടറുകളും സ്ഥാപിക്കുന്ന നടപടി പുരോഗമിക്കുകയാണെന്ന് മന്ത്രി വി.എൻ വാസവൻ സഭയെ അറിയിച്ചു. സഹകരണമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള കരട് ചട്ടം പരിശോധിച്ചുവരികയാണെന്നും മന്ത്രി പറഞ്ഞു. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് ഭരണ-പ്രതിപക്ഷ നിരയിൽ നിന്ന് 17 അംഗങ്ങൾ സംസാരിച്ചു. ഈ മാസം 25 വരെയാണ് നിയമസഭ സമ്മേളിക്കുക.

ന്യൂസ്ഡെസ്ക് ആകാശവാണി......

*********************************************

**<u>4 YEAR DEGREE COURSE - CM</u>**

സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സിന് തുടക്കമായി. നാലുവർഷ ബിരുദത്തിന്റെ സമാരംഭവും സംസ്ഥാനതല വിജ്ഞാനോത്സവവും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവ്വകലാശാലകൾക്ക് കീഴിലെ 864 കോളേജുകളിലും വിവിധ പഠന കേന്ദ്രങ്ങളിലുമായാണ് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത്.

*********************************************

**<u>PLUS ONE ALLOTMENT</u>**

കേരളത്തിൽ പ്ലസ് വൺ മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിക്കാതിരുന്നവർക്കും ഇതുവരെ അപേക്ഷിക്കുവാൻ കഴിയാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് പരിഗണിക്കുന്നതിന് ഇന്ന് മുതൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. രാവിലെ മുതലാണ് അപേക്ഷകൾ സ്വീകരിച്ച് തുടങ്ങുക. സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള വേക്കൻസിയും

മറ്റു വിവരങ്ങളും ഇന്ന് hscap.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

*********************************************

## RAIN KERALA

കേരളത്തിൽ ഇന്നും പരക്കെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളാ തീരത്ത് ഉയർന്ന തിരമാലകൾക്ക് സാധ്യതയുള്ളതിനാൽ മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

*********************************************

## IND VS ZIM T20 SQUAD

ഇന്ത്യയും സിംബാബ്‌വെയും തമ്മിലുള്ള ട്വന്റി - 20 ക്രിക്കറ്റ് പരമ്പരക്ക് ശനിയാഴ്ച ഹരാരെയിൽ തുടക്കമാകും. അഞ്ചു മത്സരങ്ങളുള്ള പരമ്പരയിലേക്ക് സിംബാബ്‌വെ പതിനേഴംഗ ടീമിനെ പ്രഖ്യാപിച്ചു. ടീമിനെ സിക്കന്ദർ റാസ നയിക്കും. അതേസമയം പതിനഞ്ചംഗ ഇന്ത്യൻ സംഘത്തെ നേരത്തെ പ്രഖ്യാപിച്ചിരുന്നു. ശുഭ്മാൻ ഗിൽ നയിക്കുന്ന ടീമിൽ ധ്രുവ് ജുറൽ, റിയാൻ പരാഗ്, വാഷിംഗ്ടൺ സുന്ദർ, രവി ബിഷ്ണോയ് തുടങ്ങിയവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

*********************************************

## WIMBLEDON

വിംബിൾഡൺ പുരുഷ സിംഗിൾസിൽ ജർമനിയുടെ യാനിക് ഹാൻഫ്മാനെ പരാജയപ്പെടുത്തി ടോപ് സീഡായ ഇറ്റാലിയൻ താരം യാനിക് സിന്നർ. ഇന്ത്യയുടെ സുമിത് നാഗൽ സെർബിയൻ താരം മിയോമിർ കെക്മാനോവിച്ചിനോട് പരാജയപ്പെട്ടിരുന്നു. വനിതാ സിംഗിൾസിൽ അമേരിക്കയുടെ

കോകോ ഗോഫും ഗ്രീസിന്റെ മരിയ സക്കറിയും രണ്ടാം റൗണ്ടിലേക്ക് കടന്നു.

***********************************************

**ISRAEL GAZAN DETAINEES**

ഇസ്രയേലും പലസ്തീനും തമ്മിലുള്ള സംഘർഷത്തിനിടെ അറസ്റ്റിലായ 50 പലസ്തീൻ തടവുകാരെ ഇസ്രായേൽ മോചിപ്പിച്ചു. ഗസയിലെ അൽ-ഷിഫ ഹോസ്പിറ്റൽ മേധാവി മുഹമ്മദ് അബു സെൽമിയയും മോചിതരായവരിൽ ഉൾപ്പെടുന്നു. തടവുകാരുടെ എണ്ണം കുറയ്ക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് മോചനമെന്ന് ഇസ്രായേൽ വ്യക്തമാക്കി.

****************

*************************

***********************************************